# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

| ഡിസംബർ 31<br>December 31 | 2018 |
|---|---|

*1193 ധനു 16 തിങ്കൾ*

# പത്രക്കുറിപ്പ്



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## വനിതാ മതിൽ ഇന്ന്: ജില്ലയിൽ ലക്ഷം വനിതകൾ അണിനിരക്കും

കേരളം കൈവരിച്ച സാമൂഹ്യപരിഷ്കരണ നേട്ടങ്ങൾ നിലനിർത്തുന്നതിനും നവോത്ഥാന മൂല്യ സംരക്ഷണത്തിനും സ്ത്രീ-പുരുഷ സമത്വം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ ഇന്ന്( ജനുവരി ഒന്നിന്)വൈകീട്ട് കാസർകോട് മുതൽ തിരുവനന്തപുരം വരെ വനിതാ മതിൽ സംഘടിപ്പിക്കുന്നു. ജില്ലയിലെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളിലൊന്നായ കാസർകോട് പുതിയ ബസ്സ്റ്റാൻഡ് പരിസരത്തെ സർക്കിളിൽ നിന്ന് ആരംഭിക്കുന്ന മതിലിൽ വനിത ശിശുക്ഷേമവകുപ്പ് മന്ത്രി കെ.കെ ശൈലജ ആദ്യം അണിനിരക്കും. ജില്ലയിലെ സാമൂഹ്യ-വിദ്യാഭ്യാസ- സാംസ്ക്കാരിക-രാഷ്ട്രീയ-നവോത്ഥാന മേഖലകളിലെ പ്രമുഖ വനിതകൾ തുടർന്ന് അണിനിരക്കും.

പുതിയ ബസ്സ്റ്റാൻഡ് സർക്കിളിൽ നിന്ന് ആരംഭിച്ച് പ്രസ്ക്ലബ് ജംങ്ഷൻ വഴി കെഎസ്ടിപി റോഡിലേക്കു പ്രവേശിച്ച് കാലിക്കടവ് വരെയാണു ജില്ലയിൽ മതിലൊരുക്കുന്നത്. 44 കിലോമീറ്റർ ദൂരത്തിൽ ഒരു ലക്ഷംപേരാണ് ജില്ലയിൽ അണിനിരക്കുകയെന്ന് ജില്ലാ കളക്ടർ ഡോ. ഡി.സജിത്ത് ബാബു പറഞ്ഞു. വനിതാ മതിലിൽ

പങ്കെടുക്കേണ്ടവർ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഉച്ചകഴിഞ്ഞ് 3.30നകം എത്തിച്ചേരണം. 3.50ന് ട്രയലും നാലിന് പ്രതിജ്ഞയോടെ വനിതാ മതിലും ഒരുക്കും.

## ജില്ലയിൽ വനിതാ മതിൽ 44 കിലോമീറ്റർ; കാസർകോട് പുതിയ ബസ് സ്റ്റാൻഡ് പരിസരം മുതൽ കാലിക്കടവ് വരെ

**ആരോഗ്യവകുപ്പ് മന്ത്രി കെ.കെ ഷൈലജ വനിതാ മതിലിനു കേരളത്തിന്റെ വടക്കേ അറ്റമായ കാസർകോട് നിന്നും തുടക്കം കുറിക്കും.**

വനിത മതിലിൽ ജില്ലയിൽ അണിനിരക്കേണ്ട വിധം താഴെ പറയുന്നപോലെയാകും.

കാസർകോട് പുതിയ ബസ് സ്റ്റാൻഡ് പരിസരത്തെ സർക്കിൾ മുതൽ പഴയ പ്രസ് ക്ലബ് ജംഗ്ഷനിലൂടെ കെ എസ് ടി പി റോഡ് വഴി നാലര കിലോമീറ്റർ ദൂരത്തിൽ കാസർകോട് മുൻസിപ്പാലിറ്റിയിൽ നിന്നും, മധൂർ, ചെങ്കള, മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുമുള്ള വനിതകൾ പങ്കെടുക്കണം. അതിനുശേഷം ഏകദേശം ഒരു കിലോമീറ്റർ ദൂരം മഞ്ചേശ്വരം, വൊർക്കാടി, മീഞ്ച, പൈവളിഗ, മംഗൽപ്പാടി ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവർ പങ്കെടുക്കണം.

തുടർന്നു ചളിയൻങ്കോട് പാലം വരെ അരകിലോമീറ്റർ ദൂരത്തിൽ കുമ്പള, പുത്തിഗെ, എൻമകജെ, ബദിയടുക്ക ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവരാണ് അണിനിരക്കേണ്ടത്.

മേൽപ്പറമ്പ് ടൗണിനു സമീപത്തെ ഇടവുങ്കാൽ ക്ഷേത്രം വരെയുള്ള രണ്ടു കിലോമീറ്റർ കാറഡുക്ക, കുമ്പഡാജെ, ബെള്ളൂർ, ദേലംമ്പാടി, മുളിയാർ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവർ അണിനിരക്കണം.

തുടർന്ന് കോട്ടിക്കുളം വരെയുള്ള നാലേകാൽ കിലോമീറ്റർ ദൂരം ചെമ്മനാട്, ഉദുമ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവർ പങ്കെടുക്കണം.

കോട്ടിക്കുളം മുതൽ ബേക്കൽ ജംങ്ഷൻ വരെ കുറ്റിക്കോൽ, ബേഡകം ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവരും പൂച്ചക്കാട് പള്ളിവരെയുള്ള മൂന്നേകാൽ കിലോമീറ്റർ ദൂരം പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള വനിതകൾ പങ്കെടുക്കണം.

പൂച്ചക്കാട് പള്ളി മുതൽ ചാമുണ്ഡിക്കുന്ന് വരെ പനത്തടി, കോടോം-ബേളൂർ, കള്ളാർ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള വനിതകൾ അണിനിരക്കണം. തുടർന്ന് പുതിയകോട്ട താലൂക്ക് ഓഫീസ് മുന്നിലെ ആൽത്തറ വരെ ഏഴര കിലോമീറ്റർ ദൂരം കാഞ്ഞങ്ങാട് നഗരസഭയിലെയും, അജാനൂർ, പുല്ലൂർ, പെരിയ ഗ്രാമ പഞ്ചായത്തുകളിലേയും വനിതകൾ പങ്കെടുക്കണം.

തുടർന്ന് അലാമിപ്പള്ളി പുതിയ ബസ്റ്റാൻഡിന് ശേഷമുള്ള പെട്രോൾ പമ്പ് വരെയുള്ള ഒന്നരകിലോമീറ്റർ ദൂരം ബളാൽ, ഈസ്റ്റ്-എളേരി, വെസ്റ്റ് - എളേരി ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവർ അണിനിരക്കണം.

പടന്നക്കാട് ടോൾ ബൂത്ത് വരെയുള്ള മൂന്നുകിലോമീറ്റർ മടിക്കൈ, കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവരും പടന്നക്കാട് ടോൾ ബൂത്ത് മുതൽ നീലേശ്വരം മാർക്കറ്റ് ജംങ്ഷൻ വരെയുള്ള മൂന്ന് കിലോമീറ്റർ ദൂരം കയ്യൂർ-ചീമേനി, പടന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവരുമാകണം വനിതാ മതിലിനായി പങ്കെടുക്കേണ്ടത്.

നീലേശ്വരം മാർക്കറ്റ് ജംങ്ഷൻ മുതൽ പള്ളിക്കര റെയിൽവേ ഗേറ്റ് വരെ രണ്ടരകിലോമീറ്റർ ദൂരം നീലേശ്വരം നഗരസഭ അതിർത്തിയിലുള്ളവരും പള്ളിക്കര റെയിൽവേ ഗേറ്റ് മുതൽ ചെക്ക് പോസ്റ്റ് വരെയുള്ള ഏകദേശം രണ്ടര കിലോമീറ്റർ ദൂരം തൃക്കരിപ്പൂർ, വലിയപറമ്പ ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ളവരും പങ്കെടുക്കണം.

ചെക്ക് പോസ്റ്റ് മുതൽ ഞാണങ്കൈ വരെയുള്ള രണ്ട്കിലോമീറ്റർ ദൂരം ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ളവരും ഞാണങ്കൈ മുതൽ കാലിക്കടവ് ജില്ലാ അതിർത്തി വരെയുള്ള ഏകദേശം മൂന്നരകിലോമീറ്റർ ദൂരം പിലിക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ളവരും അണിനിരക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

## വനിതാ മതിൽ - പ്രതിജ്ഞ

പുതുവർഷ ദിനത്തിൽ നാം ഒത്തുചേരുകയാണ്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള മതിലായി, സ്ത്രീ-പുരുഷ തുല്യത എന്ന ഭരണഘടനാ കാഴ്ചപ്പാടിനെ പിന്തുണയ്ക്കുവാനായി, കേരളത്തെ ഭ്രാന്താലയമാക്കാനുള്ള ശ്രമങ്ങളെ ചെറുക്കുമെന്ന മുദ്രാവാക്യവുമായി, നാം ഇവിടെ അണിചേരുകയാണ്.

ഭ്രാന്താലയമെന്ന് നമ്മുടെ നാട് വിളിക്കപ്പെട്ടിരുന്നു. അത് ഇന്ന് ദൈവത്തിൻറെ സ്വന്തം നാടെന്ന വിശേഷണം നേടിയിരിക്കുകയാണ്. ത്യാഗപൂർണ്ണമായ സമരങ്ങളാണ് അതിന് കാരണമായതെന്ന് നാം തിരിച്ചറിയുന്നു.

മേൽമുണ്ട് കലാപവും കല്ലുമാല സമരവും അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് കുതിക്കുന്നതിനുള്ള ഇടപെടലുകളും അഭിമാനപൂർവ്വം നമ്മൾ ഓർക്കുന്നു. അടിമത്വത്തിനെതിരെ വ്യത്യസ്ത വഴികളിലൂടെ പൊരുതി നീങ്ങിയ പോരാളികളേ, നിങ്ങളെ ഞങ്ങൾ അനുസ്മരിക്കുന്നു. ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ ത്യാഗങ്ങളെയും സഹനങ്ങളെയും നമ്മൾ ഉയർത്തിപ്പിടിക്കുക തന്നെ ചെയ്യും.

മുന്നോട്ടുള്ള വളർച്ചയ്ക്കെതിരെ അന്നും ഉറഞ്ഞുതുള്ളിയ യാഥാസ്ഥിതികത്വത്തിന്റെ പുതിയ മുഖങ്ങളെ നമ്മൾ തിരിച്ചറിയുന്നു. അവരുടെ പ്രചരണങ്ങളിൽ കുരുങ്ങിയവർ അന്നും ഏറെ ഉണ്ടായിരുന്നു. അതിനെ വകഞ്ഞുമാറ്റിയാണ് നാം ഇവിടെ എത്തിയത്.

പരസ്പര അംഗീകാരത്തിൻറെയും പങ്കാളിത്തത്തിൻറെയും ലോകത്താണ് സ്ത്രീയുടെയും പുരുഷൻറെയും ജീവിതം സർഗ്ഗാത്മകമാകുന്നത്. സ്ത്രീ സമത്വം എന്നത് സാമൂഹ്യ വിമോചനത്തിൻറെ ഭാഗമാണ്. അതിനാലാണ് നാടിനെ സ്നേഹിക്കുന്നവർ ഈ ആശയത്തെ പിന്തുണച്ചതെന്നും നമ്മൾ മനസ്സിലാക്കുന്നു. ഈ സംരംഭത്തിന് പിന്തുണ നൽകിയ കേരള സർക്കാരിന്റെ നിലപാടിനെ നമ്മൾ ആദരവോടെ കാണുന്നു.

നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുമെന്നും സ്ത്രീ സമത്വത്തിനായി നിലകൊള്ളുമെന്നും കേരളത്തെ ഭ്രാന്താലയമാക്കാനുള്ള പരിശ്രമങ്ങളെ പ്രതിരോധിക്കുമെന്നും മതനിരപേക്ഷത സംരക്ഷിക്കാൻ പോരാടുമെന്നും പ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ, പ്രതിജ്ഞ, പ്രതിജ്ഞ....

## ആലാമിപ്പള്ളി നീതി മെഡിക്കൽ സ്റ്റോർ ഉദ്ഘാടനം മന്ത്രി ഇ.ചന്ദ്രശേഖരൻ നിർവഹിച്ചു

കാഞ്ഞങ്ങാട് ആലാമിപ്പള്ളി പുതിയ ബസ്സ്റ്റാൻഡ് സമീപത്ത് ആധുനിക സൗകര്യങ്ങളോടുകൂടി ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോറിന്റെ ഉദ്ഘാടനം റവന്യൂ -ഭവന വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ നിർവഹിച്ചു. ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെ എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക എന്ന ഉദേശത്തോടെ ജില്ലയിൽ നീതി മെഡിക്കൽ സ്റ്റോറിന്റെ നാലാമത്തെ ശാഖയാണ് ആലാമിപ്പള്ളിയിൽ പ്രവർത്തനമാരംഭിച്ചത്. കൂടാതെ വിവിധ കമ്പനികളുടെ ബ്രാൻഡ് മെഡിസിൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദേശിച്ചിരിക്കുന്നതുപോലെ കുറഞ്ഞവിലക്ക് ലഭ്യമാകുന്ന ജനറിക് മരുന്നുകളുടെ പ്രത്യേക കൗണ്ടറിന്റെ ഉദ്ഘാടനം കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ വി വി രമേശനും ഹെൽത്ത് കാർഡ് വിതരണോദ്ഘാടനം സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ എം ആനന്ദനും ആദ്യവിൽപ്പനയുടെ ഉദ്ഘാടനം സഹകരണ ജോയന്റ് രജിസ്ട്രാർ മുഹമ്മദ് നൗഷാദും ഹോംഡെലിവറി യൂണിറ്റിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പൊലീസ് പി കെ സുധാകരനും നിർവഹിച്ചു. ആദ്യഘട്ടത്തിൽ നിശ്ചിത വ്യവസ്ഥകളോടുകൂടിയാണ് ഹോം ഡെലിവറി യൂണിറ്റ് പ്രവർത്തിക്കുക.രാജീവ്ജി മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി പ്രസിഡന്റ് അഡ്വ. പി പ്രഭാകരൻ, അധ്യക്ഷനായി. കെ.വി ഉഷ, ടി കെ സുമയ്യ, എം.ബൽരാജ്, വി കെ ഗംഗാധരൻ, ഉഷാ ജേക്കബ്ബ്, ഡോ.കെ ജി പൈ, കെ വിശ്വനാഥൻ, വി കമ്മാരൻ, ബി സുകുമാരൻ, എം കുഞ്ഞികൃഷ്ണൻ തുടങ്ങിയവർ

പങ്കെടുത്തു. രാജീവ്ജി മെമ്മോറിയൽ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ഡയറക്ടർ പ്രഭാകരൻ വാഴുന്നോറടി സ്വാഗതവും എ കെ നളിനി നന്ദിയും പറഞ്ഞു.

## ഫോട്ടോ അടിക്കുറിപ്പ്(മന്ത്രി)

കാഞ്ഞങ്ങാട് ആലാമിപ്പള്ളി പുതിയ ബസ്സ്റ്റാൻഡ് സമീപത്ത് ആധുനിക സൗകര്യങ്ങളോടുകൂടി ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോറിന്റെ ഉദ്ഘാടനം റവന്യൂ -ഭവന വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ നിർവഹിക്കുന്നു.

## ജനുവരി മൂന്ന് മുതൽ പ്രവേശനം

കാസർകോട് ഗവ. ഐ.ടി.ഐ യിൽ ഐ.എം.സിയുടെ കീഴിൽ ഫാഷൻ ഡിസൈനിങ്ങ് ആന്റ് ഗാർമെന്റ്സ് ടെക്നോളജി എന്ന മൂന്നുമാസ ദൈർഘ്യമുള്ള ഷോർട്ട് ടേം കോഴ്സിന് ജനുവരി മൂന്നൂ മുതൽ പ്രവേശനം ആരംഭിക്കും.

## ജനുവരി മൂന്നു വരെ വിതരണം ചെയ്യും

ജില്ലയിലെ റേഷൻ കാർഡ് ഉടമകൾക്ക് ഡിസംബർ മാസത്തിൽ അനുവദിച്ച റേഷൻ സാധനങ്ങൾ ജനുവരി മൂന്നു വരെ വിതരണം ചെയ്യും.റേഷൻ കാർഡ് ഉടമകൾ അവർക്ക് അനുവദിച്ച റേഷൻ സാധനങ്ങൾ പാഴാക്കാതെ കൈപ്പറ്റണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

## എല്ലാ ആശുപത്രികളും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കും

കാസർകോട് നഗരസഭാ പരിധിയിലെ എല്ലാ സർക്കാർ -സ്വകാര്യ ആശുപത്രികളിലും പ്ലാസ്റ്റിക് ക്യാരിബാഗുകളും പ്ലാസ്റ്റിക് കുടിവെള്ള ബോട്ടിലുകളും ഒഴിവാക്കി 'പ്ലാസ്റ്റിക് വിമുക്ത മേഖല'യായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നഗരസഭ ആരംഭിക്കും. ഈ പ്രവർത്തനം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള എല്ലാ സഹായസഹകരണങ്ങളും പൊതുജനങ്ങളിൽ നിന്നുണ്ടാകണമെന്ന് ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു അറിയിച്ചു.

## ഇംഗ്ലണ്ടിൽ നഴ്സുമാരുടെ ഒഴിവ്

ഇംഗ്ലളണ്ടിൽ എൻ.എച്ച്.എസ് ഫൗണ്ടേഷൻ ട്രെസ്റ്റിന് കീഴിലുള്ള ആശുപത്രികളിൽ നഴ്സുമാരെ നിയമിക്കുന്നതിന് നോർക്ക റൂട്ട്സ് അപേക്ഷ ക്ഷണിച്ചു.ഒരു വർഷം പ്രവൃത്തിപരിചയമുള്ള ബി.എസ്.സി,ജി.എൻ.എം നഴ്സ്മാർക്ക് അപേക്ഷിക്കാം. നിലവിൽ ഐ.ഇ.എൽ.റ്റി.എസ് അക്കാഡമിക്കിന് റൈറ്റിങ്ങിൽ 6.5 ഉം മറ്റ് വിഭാഗങ്ങളിൽ 7 ഉം സ്കോറിങ് അല്ലെങ്കിൽ ഒ.ഇ.റ്റി.ബി ഗ്രേഡ് നേടിയവർക്കാണ്

ആദ്യ ബാച്ചിൽ നിയമനം. ഐ.ഇ.എൽ.റ്റി.എസിൽ 6 സ്കോറിങ്ങുള്ളവർക്ക് മതിയായ യോഗ്യത നേടുന്നതിന് ഫീസീടാക്കി പരിശീലനം നൽകും. മതിയായ സ്കോറിങ്ങ് ലഭിക്കുന്നവർക്ക് കോഴ്സ് ഫീസ് തിരികെ നൽകും.അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവർ എൻ.എച്ച് എസ്. ഫൗണ്ടേഷൻ നടത്തുന്ന യോഗ്യതാപരീക്ഷ വിജയിക്കണം. ആദ്യബാച്ചിന് ജനുവരി 9 ന് അഭിമുഖം നടത്തും. ആദ്യഘട്ടത്തിൽ മൂന്നു വർഷത്തേയ്ക്കാണ് നിയമനം. താമസം, വിമാന ടിക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള ചെലവ് സൗജന്യമാണ്. താത്പര്യമുള്ളവർ നിശ്ചിതമാതൃകയിൽ തയ്യാറാക്കിയ ബയോഡാറ്റ, പൂരിപ്പിച്ച എൻ എച്ച് എസ് അപേക്ഷ, കവർ ലറ്റർ, മറ്റു അനുബന്ധ രേഖകൾ സഹിതം rm@norkaroots.net എന്ന ഇ- മെയിൽ വിലാസത്തിൽ ജനുവരി ആറിനകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് -വെബ്സൈറ്റ് www.norkaroots.net , 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെൻ്റർ നമ്പർ 1800 425 3939

## ഹരിതായനം ജില്ലയിൽ ജനുവരി മൂന്നു മുതൽ

ഹരിത കേരളം മിഷൻ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തനങ്ങളെയും സന്ദേശങ്ങളെയും പ്രചരിപ്പിക്കുന്നതിനായി രണ്ട് വാഹനങ്ങളിലായി വടക്കു നിന്നും തെക്ക് നിന്നും പുറപ്പെടുന്ന ഹരിതായനം പരിപാടി ജില്ലയിൽ ജനുവരി മൂന്നു മുതൽ ആറു വരെ പര്യടനം നടത്തും.ജനുവരി മൂന്നിന് രാവിലെ പത്തിന് വാഹന പര്യടനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം കാസർകോട് പുതിയ ബസ്സ്റ്റാന്റ് ഒപ്പു മരത്തിന് സമീപത്ത് എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. നിർവഹിക്കും. ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു, കാസർകോട് മുൻസിപ്പൽ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം, കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മുഹമ്മദ് കുഞ്ഞി ചായിന്റടി, ചെങ്കള, ചെമ്മനാട്, മൊഗ്രാൽ പുത്തൂർ, മധൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

ജനുവരി മൂന്നിന് കാസർകോട് ടൗൺ, ഉപ്പള, കുമ്പള, സീത്താംഗോളി, ബദിയടുക്ക, ബി.സി. റോഡ്, ചെർക്കള എന്നീ കേന്ദ്രങ്ങളിൽ പര്യടനം നടത്തുന്ന വാഹനം നാലിന് പെരിയ, കുണ്ടംകുഴി, ചട്ടഞ്ചാൽ, പാലക്കുന്ന്, പള്ളിക്കര, കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷൻ, കാഞ്ഞങ്ങാട് ടൗൺ എന്നീ കേന്ദ്രങ്ങളിലൂടെയും അഞ്ചിന് ചെറുവത്തൂർ, പടന്ന, ചീമേനി, കാലിക്കടവ്, തൃക്കരിപ്പൂർ എന്നീ കേന്ദ്രങ്ങളിലൂടെയും ആറിന് ഒഡയംചാൽ, പരപ്പ, വെള്ളരിക്കുണ്ട്, ഭീമനടി, മടിക്കൈ, നീലേശ്വരം മാർക്കറ്റ് എന്നീ കേന്ദ്രങ്ങളിലൂടെയും പര്യടനം നടത്തും. ഓരോ കേന്ദ്രങ്ങളിലും അതാതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരും ജനപ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കും.

## തെളിവെടുപ്പ് യോഗം ജനുവരി 11 ന്

2018-ലെ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് യോഗം ജനുവരി 11 ന് രാവിലെ 10.30 ന് കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ ഗതാഗത വകുപ്പു മന്ത്രി എ.കെ.ശശീന്ദ്രൻ ചെയർമാനായ സെലക്ട് കമ്മിറ്റി ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ, വിവിധ സംഘടനാ നേതാക്കൾ, ഗതാഗത ട്രേഡ് യൂണിയൻ പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, വിവിധ എൻ.ജി.ഒ പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരിൽ നിന്നും ബില്ലിലെ വ്യവസ്ഥകളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കും. 2018 ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബില്ലും ഇതു സംബന്ധിച്ച ചോദ്യോവലിയും നിയമസഭാ വെബ്സൈറ്റായ www.niyamasabha.org ൽ ലഭിക്കും. ബില്ലിലെ വ്യവസ്ഥകളിന്മേൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാൻ താൽപര്യമുള്ളവർക്ക് യോഗങ്ങളിൽ നേരിട്ടോ രേഖാമൂലമോ സമർപ്പിക്കാം. കൂടാതെ ഇ-മെയിലായും സമിതി ചെയർമാനോ നിയമസഭാ സെക്രട്ടറിക്കോ അയച്ചു കൊടുക്കാം.ഇ-മെയിൽ വിലാസം - legislation@niyamasabha.nic.in.

## മലയാളം ഗസ്റ്റ് ലക്ചർ നിയമനം

കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവണ്മെന്റ് വിമെൻസ് കോളേജിൽ മലയാളം വിഷയത്തിൽ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജനുവരി ഒൻപതിന് രാവിലെ 11 ന് പ്രിൻസിപ്പാൾ മുമ്പാകെ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

വെള്ളിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന സൗജന്യ കേക്ക് മേക്കിങ് ആന്റ് പ്രോസസ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.പരിശീലനം, ഭക്ഷണം എന്നിവ സൗജന്യമായിരിക്കും. 20 നും 45 നും ഇടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി വരെ പഠിച്ച യുവതി- യുവാക്കൾക്ക് അപേക്ഷിക്കാം.പേര്, മേൽവിലാസം, ജനനത്തിയതി, വിദ്യാഭ്യാസ യോഗ്യത, ഫോൺനമ്പർ എന്നിവ അടങ്ങിയ അപേക്ഷ ജനുവരി ഏഴിനകം സമർപ്പിക്കുക.കൂടുതൽ വിവരങ്ങൾക്ക്.0467 2268240 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കിണർ റീചാർജ്ജ് യൂണിറ്റിന് അപേക്ഷ ക്ഷണിച്ചു

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആർ.ഐ.ഡി.എഫ്. 19 -ൽ ഉൾപ്പെടുത്തി കാസർകോട് മണ്ണ് സംരക്ഷണ ഓഫീസ് മുഖേന ബദിയടുക്ക പഞ്ചായത്തിലെ 10, 11, 12, 14 വാർഡുകൾ പൂർണ്ണമായും 3, 4 വാർഡുകളിൽ ഭാഗികമായും നടപ്പിലാക്കി വരുന്ന പെർഡാല നീർത്തടത്തിൽ കിണർ റീചാർജ്ജ് യൂണിറ്റ് പ്രവൃത്തി സ്വന്തം കൃഷി ഭൂമിയിൽ 90 ശത മാനം സബ്സിഡിയോടു കൂടി നടപ്പിലാക്കുന്നതിന് നീർത്തട പരിധിക്കുള്ളിൽ വരുന്ന ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത ഫോമിലുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം കരം രസീതിന്റെ കോപ്പിയും ഐഡന്റിറ്റി കാർഡിന്റെ കോപ്പിയും സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9961107368, 9947688337

## ഉസ്താദ് ഹസ്സൻഭായിയെ ആദരിക്കും

കുടുംബശ്രീ ജില്ലാമിഷൻ പ്രശസ്ത ഷഹനായ് വാദകൻ ഉസ്താദ് ഹസ്സൻഭായിയെ ആദരിക്കുന്നു. കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഭക്ഷ്യമേളയോടനുബന്ധിച്ച് ഇന്ന്(ജനുവരി 1)വൈകുന്നേരം 6.30 ന് കാസർകോട് പുതിയ ബസ്റ്റാന്റ് പരിസരത്തുള്ള മിലൻ ഗ്രൗണ്ടിനടുത്ത് പ്രത്യേകം തയ്യാറാക്കിയ ഓഡിറ്റോറിയത്തിൽ എൻ എ നെല്ലിക്കുന്ന് എം എൽ എ ഹസ്സൻഭായിയെ ആദരിക്കും. ചടങ്ങിൽ കാസർകോട് നഗരസഭാധ്യക്ഷ ബിഫാത്തിമ ഇബ്രാഹിം, ജില്ലാ കലക്ടർ ഡോ. ഡി സജിത്ത് ബാബു, ജില്ലാമിഷൻ കോർഡിനേറ്റർ ടി ടി സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

## പ്രദർശനം സംഘടിപ്പിച്ചു

ജില്ലാ സാക്ഷരതാമിഷന്റെയും കാസർകോട് മുൻസിപ്പൽ സാക്ഷരതാ സമിതിയുടെയും ഇൻഫർമേഷൻ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന ഫോട്ടോ പ്രദർശനവും ഭരണഘടനാ സംഗമവും സംഘടിപ്പിച്ചു. എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കാസർകോട് നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമാ ഇബ്രാഹിം അദ്ധ്യക്ഷത വഹിച്ചു. ജ്യോതി പാണൂർ മുഖ്യ പ്രഭാഷണം നടത്തി.കെ.വി.രാഘവൻ മാസ്റ്റർ വിഷയാവതരണം നടത്തി. മുനിസിപ്പാലിറ്റി വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ എം നെയ്മുന്നീസ,ജില്ലാ കോ-ഓർഡിനേറ്റർ ഷാജുജോൺ,യുവജനക്ഷേമ ബോർഡ് ജില്ലാ ഓഫീസർ പി.പ്രസീദ,രാജൻപൊയിനാച്ചി,പി.ശാസ്തപ്രാസാദ്,ഡി.വിജയമ്മ എന്നിവർ സംസാരിച്ചു.

### ഫോട്ടോ അടിക്കുറിപ്പ്-(സാക്ഷരത)

ജില്ലാ സാക്ഷരതാമിഷന്റെയും കാസർകോട് മുൻസിപ്പൽ സാക്ഷരതാ സമിതിയുടെയും ഇൻഫർമേഷൻ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച

നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന ഫോട്ടോ പ്രദർശനവും ഭരണഘടനാ സംഗമവും എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

## കായിക താരങ്ങളുടെ തെരഞ്ഞെടുപ്പ് ജനുവരി മൂന്നിന്

സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്കൂൾ, പ്ലസ് വൺ,കോളേജ്, ഐ.ടി.ഐ, പോളിടെക്നിക് സ്പോർട്സ് ഹോസ്റ്റലിലേക്കും സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിലേക്കും 2019-20 അദ്ധ്യയന വർഷത്തേക്കുള്ള ജില്ലാതല തെരഞ്ഞെടുപ്പ് (ആൺ/പെൺ) ജനുവരി 3 ന് പെരിയ നവോദയ സ്കൂൾ ഗ്രൗണ്ടിൽ നടത്തും. അത്ലറ്റിക്സ് ,ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ എന്നീ ഇനങ്ങളിൽ പ്രവേശനം നേടുന്നതിനുള്ള സ്കൂൾ, പ്ലസ് വൺ, കോളേജ്തല സെലക്ഷന് പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥി- വിദ്യാർത്ഥിനികൾ അന്നേ ദിവസം രാവിലെ 8.30ന് നവോദയ സ്കൂൾ ഗ്രൗണ്ടിൽ സ്പോർട്സ് കിറ്റ് സഹിതം ഹാജരാകണം.

ഏഴ്,എട്ട് ക്ലാസ്സുകളിൽ പ്രവേശനം തേടുന്നവർ ഇപ്പോൾ 6 -ാം ക്ലാസിൽ പഠിക്കുന്നവരും 14 വയസ്സിൽ താഴെയുള്ളവരുമായിരിക്കണം. സംസ്ഥാന മൽസരങ്ങളിൽ 1,2,3 സ്ഥാനം നേടിയവർക്കും ദേശിയ മൽസരങ്ങളിൽ പങ്കെടുത്തവർക്കും 9 ാം ക്ലാസ്സ് പ്രവേശനത്തിനുള്ള സെലക്ഷനിൽ പങ്കെടുക്കാം.

ദേശീയ മൽസരത്തിൽ സബ് ജൂനിയർ, ജൂനിയർ വിഭാഗത്തിൽ മെഡൽ നേടിയ വിദ്യാർത്ഥികൾക്ക് നേരിട്ട് പ്രവേശനം നൽകും. പ്ലസ് വൺ, കോളേജ് ഹോസ്റ്റൽ പ്രവേശനത്തിന് ജില്ലാ-സംസ്ഥാന മത്സരത്തിൽ പങ്കെടുത്തിരിക്കണം. ദേശീയതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർക്ക് നേരിട്ട് പ്രവേശനം നൽകും.ഉയരത്തിന് വെയിറ്റേജ് മാർക്ക് നൽകും. കൂടുതൽ വിവരങ്ങൾക്ക് 04994 255521.

## ആശാ വർക്കർ നിയമനം

പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുത്തിഗെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ഒന്ന്,അഞ്ച് വാർഡുകളിലേക്കുള്ള ആശാ വർക്കർമാരെ ജനുവരി 14 ന് രാവിലെ 10.30 ന് പുത്തിഗെ പി.എച്ച്.സി യിൽ അഭിമുഖം നടത്തി തിരഞ്ഞെടുക്കും. അപേക്ഷകർ കുറഞ്ഞത് പത്താം തരം വിദ്യാഭ്യാസ യോഗ്യതയുള്ള 25 നും 45 നും മദ്ധ്യേയുള്ള വിവാഹിതകളായിരിക്കണം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 14 രാവിലെ 10 മണി. അപേക്ഷ സംബന്ധിച്ച കുടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പുത്തിഗെ പി.എച്ച്.സി.മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിക്കും

## ചരിത്ര അദ്ധ്യാപക ഒഴിവ്

ചെർക്കള ഗവ.ഹയർസെക്കന്ററി സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ ചരിത്ര അദ്ധ്യാപക ഒഴിവുണ്ട്. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജനുവരി മൂന്നിന് രാവിലെ 10.30 ന് സ്കൂൾ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

## ഗസ്റ്റ് ഇൻസ്ട്രക്ടറെ ആവശ്യമുണ്ട്

സീതാംഗോളി ഗവ. ഐ.ടി.ഐയിൽ ഡി/സിവിൽ (ഒരൊഴിവ്) ട്രേഡിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ജനുവരി 4 ന് രാവിലെ 11 ന് ബാഡൂരിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐയുടെ ഓഫീസിൽ ഒറിജിനൽ സർട്ടിഫിക്കറ്റിന്റെ രണ്ട് പകർപ്പ് സഹിതം അഭിമുഖത്തിന് ഹാജരാകണം. ഫോൺ- 04998 245099, 9961519945.

(അവസാനിച്ചു)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**